


.facebook.com/palakkadpolice
www.twitter.com/DpcPalakkad

## ആഡംഭര ബൈക്കുകൾ മോഷ്ടിച്ച് മാല പൊട്ടിക്കുന്ന അന്തർ സംസ്ഥാന മോഷ്ടാക്കള് പിടിയിൽ.

ആഡംഭര ബൈക്കുകൾ മോഷ്ടിച്ച് അതുപയോഗിച്ച് മാലപ്പൊട്ടിച്ചു വന്നിരുന്ന സംഘത്തിലെ രണ്ടു പേരെ പാലക്കാട് ടൗൺ നോർത്ത് പോലീസ് അറസ്റ്റു ചെയ്തു. തമിഴ്നാട് സ്വദേശികളായ റൗഫ് എന്ന മുടിയൻ റൗഫ്, റസൂൽ എന്നിവരെയാണ് പോലീസ് പിടികൂടിയത്.



സമീപകാലത്തായി പാലക്കാട് - കോയമ്പത്തൂർ ദേശീയപാത കേന്ദ്രീകരിച്ച് നടന്നു വന്ന മാലമോഷണ സംഭവങ്ങൾ അന്വേഷിക്കുന്നതിനായി ജില്ലാ പോലീസ് മേധാവി ശിവവിക്രം IPS ന്റെ നിർദ്ദേശപ്രകാരം പാലക്കാട് DySP സാജു K എബ്രഹാമി ന്റെ മേൽനോട്ടത്തിൽ, രൂപീകരിച്ച പ്രത്യേക പോലീസ് സംഘമാണ് പ്രതികളെ വലയിലാക്കിയത്. പ്രതികളെ സ്റ്റേഷനിലെത്തിച്ച് വിശദമായി ചോദ്യം ചെയ്തതിൽ നിന്നും അഞ്ചോളം മാല മോഷണ കേസ്സുകകളെക്കുറിച്ചും, മൂന്ന് ബൈക്ക് മോഷണ കേസ്സുകളെക്കുറിച്ചും വിവരം ലഭിച്ചു. കോയമ്പത്തൂർ സെൻട്രൽ ജയിലിൽ നിന്നും ജാമ്യത്തിലിറങ്ങിയാണ് വീണ്ടും മോഷണം ആരംഭിച്ചത്.

പാലക്കാട് ടൗൺ നോർത്ത് ഇൻസ്പെക്ടർ ഷിജു എബ്രഹാം, സബ് ഇൻസ് പെക്ടർ S. അൻഷാദ്, ASI. നന്ദകുമാർ, SCPO രാധാകൃഷ്ണൻ , CPO മാരായ നൗഷാദ് P.H , അബുത്തഹിർ , ഹിരോഷ് , സുമേഷ് , സതീഷ് ,സന്തോഷ് കുമാർ, ഡ്രൈവർ SCPO രതീഷ്, ജില്ലാ ക്രൈം സ്ക്വാഡ് അംഗങ്ങളായ S.I. S. ജലീൽ, ജയകുമാർ, C.S. സാജിദ്, R. കിഷോർ, K. അഹമ്മദ് കബീർ , R. വിനീഷ്, R. രാജീദ് , S. ഷമീർ എന്നിവരങ്ങിയ സംഘമാണ് കേസ്സന്വേഷണം നടത്തിയത്.

........................................................................................................................................

100 POLICE STATION | 1091 WOMEN HELPLINE | 9497 900 000 MESSAGE CENTRE | 9846 100 100 HIGHWAY ALERT | 1090 CRIME STOPPER | 1098 CHILD LINE | 9846 200 100 RAILWAY ALERT